പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2307 13.02.2013 -ലെ മറുപടി

## കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റ് ചെയ്യുന്ന ഷെഡ്യൂളുകളും ലാഭ നഷ്ട കണക്കും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി നിലവിൽ ഹ്രസ്വദൂര, ദീർഘദൂര സർവ്വീസുകളായി എത്ര ഷെഡ്യൂൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട് ; 2006 മുതലുള്ള വാർഷികാടിസ്ഥാനത്തിലുള്ള കണക്ക് പ്രസിദ്ധീകരിക്കാമോ ; | (എ) | 5560 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് അനുവാദം നൽകിയിട്ടുള്ളതിൽ 2013 ജനുവരി മാസത്തെ കണക്ക് പ്രകാരം ശരാശരി 4452 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്തിട്ടുണ്ട്.<br>2006 മുതൽ വാർഷികാടിസ്ഥാനത്തിലുള്ള ശരാശരി കണക്ക് ചുവടെ ചേർക്കുന്നു.<br>2006 - 4,355<br>2007 - 4,371<br>2008 - 4,363<br>2009 - 4,735<br>2010 - 4,628<br>2011 - 4,565<br>2012 - 4,677 |
| (ബി) | കെ.എസ്.ആർ.ടി.സി നിലവിൽ എത്ര ഷെഡ്യൂൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്; നിലവിലുള്ള എത്ര ഷെഡ്യൂളുകൾ ലാഭത്തിൽ എന്ന് വ്യക്തമാക്കാമോ ; | (ബി) | 5560 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് അനുവാദം നൽകിയിട്ടുള്ളതിൽ 2013 ജനുവരി മാസത്തെ കണക്ക് പ്രകാരം ശരാശരി 4452 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്തിട്ടുണ്ട്.<br>ഇതിൽ 616 ഷെഡ്യൂളുകൾ, 2012 ഡിസംബർ മാസം ലാഭത്തിലാണ്. |
| (സി) | 01-04-2006 മുതൽ 31-12-2012 വരെ കെ.എസ്.ആർ.ടി.സി. -യ്ക്ക് എത്ര തുക ധന സഹായം അനുവദിച്ചു; വാർഷികാടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കാമോ? | (സി) | 01.04.2006 മുതൽ 31.12.2012 വരെ സർക്കാർ, കെ.എസ്.ആർ.ടി.സി.യ്ക്ക് തുക അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>(തുക കോടിയിൽ) |
| (ഡി) | കെ.എസ്.ആർ.ടി.സി.യുടെ 31-12-2012 -ലെ സഞ്ചിത നഷ്ടം എത്ര തുകയെന്ന് | (ഡി) | കെ.എസ്.ആർ.ടി.സി. യിൽ സാമ്പത്തിക വർഷം അടിസ്ഥാനമാക്കിയാണ് വാർഷിക കണക്കുകൾ തയ്യാറാക്കുന്നത്. പ്രസ്തുത |

(തുക കോടിയിൽ)

| വർഷം | വായ്പ | പദ്ധതി തുക | ഗ്രാന്റ് |
|---|---|---|---|
| 2006 - 07 | 67.00 | 5.00 | |
| 2007 - 08 | 93.63 | 2.70 | |
| 2008 - 09 | 85.50 | 25.00 | |
| 2009 - 10 | 105.50 | 15.00 | |
| 2010 - 11 | 160.00 | 42.00 | |
| 2011 - 12 | 140.00 | 42.00 | 32.00 |
| 2012 - 13 | 150.00 | 57.07 | - |

<table>
<tr><td></td><td>വ്യക്തമാക്കാമോ ; പ്രസ്തുത കടത്തിന്റെ വാർഷിക സ്റ്റേറ്റ്മെന്റ് പ്രസിദ്ധീകരിക്കാമോ ;</td><td></td><td>കണക്കനുസരിച്ച് 2010-11 -ലെ സഞ്ചിത നഷ്ടം 2,102.87 കോടി രൂപ.<br>2009-10 വർഷത്തെ വാർഷിക കണക്ക് നടപടികൾ പൂർത്തിയാക്കി അച്ചടിച്ച് തയ്യാറാക്കിയിട്ടുണ്ട്.<br>2010-11 വർഷത്തെ കണക്കുകൾ ഡയറക്ടർ ബോർഡിന്റെ അംഗീകാരത്തോടുകൂടി അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിന് വിധേയമാക്കിയിരിക്കുകയാണ്.</td></tr>
<tr><td>(ഇ)</td><td>കെ.എസ്.ആർ.ടി.സി.യുടെ വരവ് ചെലവ് കണക്ക് (ഓഡിറ്റ് ഫിഗർ) 01-06-2006 മുതൽ 31-12-2012 വരെയുള്ളത് വാർഷികാടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കാമോ ;</td><td>(ഇ)</td><td>കെ.എസ്.ആർ.ടി.സി. യിൽ 2011 സാമ്പത്തിക വർഷം വരെയുള്ള വാർഷിക കണക്ക് പൂർത്തിയായിട്ടുണ്ട്. അതനുസരിച്ചുള്ള വരവ്-ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>വർഷം</th><th>വരവ്<br>(തുക ലക്ഷത്തിൽ)</th><th>ചെലവ്<br>(തുക ലക്ഷത്തിൽ)</th></tr>
<tr><td>2006 - 07</td><td>87,599.63</td><td>1,03,163.17</td></tr>
<tr><td>2007 - 08</td><td>88,174.46</td><td>1,01,813.11</td></tr>
<tr><td>2008 - 09</td><td>1,06,305.66</td><td>1,18,017.36</td></tr>
<tr><td>2009 - 10</td><td>1,16,422.03</td><td>1,39,712.43</td></tr>
<tr><td>2010 - 11</td><td>1,29,409.68</td><td>1,67,342.04</td></tr>
</table></td></tr>
<tr><td>(എഫ്)</td><td>കെ.എസ്.ആർ.ടി.സി.യെ സ്വയം പര്യാപ്തമാക്കുന്നതിനുള്ള നടപടികളെ കുറിച്ച് പഠിക്കുന്നതിന് തൊഴിലാളി യൂണിയനുകളുമായി കൂടിയാലോചിച്ച് കമ്മിറ്റി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ;</td><td>(എഫ്)</td><td>കെ.എസ്.ആർ.ടി.സി. യെ സ്വയം പര്യാപ്തമാക്കുന്നതിനുള്ള നടപടികളെ സംബന്ധിച്ച് അംഗീകൃത തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്തു നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. വർമ്മ ആന്റ് വർമ്മ കൺസൾട്ടൻസ് നടത്തിയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. അതിനാൽ പുതിയ ഒരു കമ്മിറ്റി രൂപീകരിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.</td></tr>
<tr><td>(ജി)</td><td>സ്വകാര്യ ബസ് ഉടമകളെ സഹായിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. യെ തകർക്കുവാൻ ശ്രമിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?</td><td>(ജി)</td><td>ശ്രദ്ധയിൽപ്പെട്ടിട്ടില്ല.</td></tr>
</table>

സെക്ഷൻ ഓഫീസർ